# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1395 — 12.03.2015-ലെ മറുപടിക്ക്

## എൻ.എച്ച്.47-ലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. ചെന്താമരാക്ഷൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | എൻ.എച്ച്.47-ലെ വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള ദേശിയ പാതയുടെയും മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള ദേശീയ പാതയുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br><br>വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ നിർമ്മാണം 18/5/2013-ൽ ആരംഭിച്ച് നല്ല രീതിയിൽ പുരോഗമിക്കുന്നു. 2015 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ പ്രകാരം 88% പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.<br><br>വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരി പാതയുടെ യഥാർത്ഥ ഷെഡ്യൂൾ പ്രകാരം പണി തീർക്കേണ്ട സമയം 18/5/2013 ആയിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പ്രവൃത്തി തടസ്സപ്പെടുകയും പ്രോജക്ട് ആരംഭിക്കേണ്ട തീയതി 15/9/2012 ആയി പുനർ നിർണ്ണയിക്കുകയും ചെയ്തു. കൺസഷണർ M/s Thrissur Expressway Limited ന് വായ്പ ലഭിക്കുന്നതിലുണ്ടായ കാലതാമസം കാരണം 7/10/2014-ൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞുള്ളൂ. 2015 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ പ്രകാരം 6% പണി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | മണ്ണുത്തി മുതൽ വാളയാർ വരെയുള്ള ദേശീയ പാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക ചെലവായി എന്ന് വിശദമാക്കമോ; | (ബി) | വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ദേശീയപാത വികസന അതോറിറ്റി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (സി) | വാളയാർ - വടക്കഞ്ചേരി നാലുവരി പാതയുടെ ഷെഡ്യൂൾ പ്രകാരം പണി തീർക്കേണ്ട സമയം 13/11/2015 ആണ്. അതിന് മുൻപ് പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.<br><br>വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപാതയുടെ നിർമ്മാണം 2016 ഒക്ടോബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Salitha

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| Description of Expenditure | Name of Project | |
|---|---|---|
| | Walayar - Vadakkenchery | Vadakkenchery - Mannuthy |
| Land Acquisition | Rs. 137.48 Crore | Rs. 349.95 crore |
| Establishment of Special Land Acquisition Units | Rs. 8.01 crore | Rs. 2.69 crore |
| Shifting of Utilities | Rs. 7.07 crore | Rs. 0.28 crore |
| Construction of 4/6-laning | Rs. 699.22 crore | Rs. 35.60 crore |